"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ച വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശഭൂമി പതിച്ച നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.33/2026/RD തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. എറണാകുളം ജില്ലാ കളക്ടറുടെ 11.07.2024 ലെ DCEKM എൽ1/ 6415/2024 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.06.2025 ലെ LR/6990/2024-LR(PM-4) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ച വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) പതിവിനാസ്പദമായ ഭൂമിയിൽ 44 കുടുംബങ്ങളിലായി 200 ഓളം പേർ താമസിച്ച വരുന്നു. 44 കുടുംബങ്ങളിൽ 31 പേർ കൊച്ചി കോർപ്പറേഷൻ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്നവരോ, പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ചവരോ ആണെന്നും ആയതിൽ 30 പേരുടെ പ്രതിവർഷ വരുമാനം ₹1,00,000/- (ഒരു ലക്ഷം) രൂപയിൽ കൂടുതലാണ്. കൊച്ചി കോർപ്പറേഷന്റെ ശുചീകരണ തൊഴിലാളികളായ/തൊഴിലാളികളായിരുന്ന ഇവർക്ക് ജോലിയിൽ/പെൻഷനിൽ നിന്നുള്ള വരുമാനമല്ലാതെ മറ്റു വരുമാനങ്ങൾ ഇല്ലാത്തവരും, വളരെ കുറഞ്ഞ വിസ്തീർണ്ണത്തിൽ ഭൂമി കൈവശം വരുന്നവരുമാണ്.

അപേക്ഷകരുടെ കൈവശ വിസ്തീർണ്ണം അനുവദനീയ പരിധിയായ 5 സെന്റിൽ താഴെയാണ്. സർവ്വേ നം.75-ൽ ഉൾപ്പെട്ട ഭൂമി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തുവന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്നതും അത്തരം ആളുകൾ ടി പ്രദേശത്ത് വീടുവെച്ച് താമസിച്ചു വന്നിരുന്നതും ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തു വന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്ന ഭൂമിയിൽ ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്ന് കണക്കിലെടുത്ത്, എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് വരുമാന പരിധി ഇളവ് ചെയ്ത്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിൽ നിയമാനുസൃത തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 3562, തീയതി - 21.01.2026)
6. കരുതൽ ഫയൽ (എ3/155/2024/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 24-01-2026 12:03:57

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. എ3/155/2024/റവ.

ഇനം നം: 3562

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21(ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശഭൂമി പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3562

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 3/155/2024/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | എറണാകുളം ജില്ലയിൽ , കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ **75/6, 75/7** എന്നിവയിൽ ഉൾപ്പെട്ട **27.43** ആർ ഭൂമിയിൽ താമസിച്ച് വരുന്ന പാരഡൈസ് നഗർ **(24** മുറി നഗർ**)** നിവാസികളായ **44** കൈവശക്കാർക്ക് **1995**- ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം **21 (ii)** പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശഭൂമി പതിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/12/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/01/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/01/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/01/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/01/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

എറണാകുളം ജില്ലയിൽ , കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ **75/6, 75/7** എന്നിവയിൽ ഉൾപ്പെട്ട **27.43** ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (**24** മുറി നഗർ) നിവാസികളായ **44** കൈവശക്കാർക്ക് **1995**-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏര്യ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം **21 (ii)** പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2 . പതിവിനാസ്പദമായ ഭൂമി ബി.റ്റി.ആർ പ്രകാരം ഇനം 'പുറമ്പോക്ക്' ആയും റിമാർക്സിൽ 'ഇ.സി' എന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിൽ 44 കുടുംബങ്ങളിലായി 200 ഓളം പേർ താമസിച്ചു വരുന്നു. 44 കുടുബങ്ങളിൽ 31 പേർ കൊച്ചി കോർപ്പറേഷൻ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്നവരോ, പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ചവരോ ആണെന്നും ആയതിൽ 30 പേരുടെ പ്രതിവർഷ വരുമാനം ₹1,00,000/- (ഒരു ലക്ഷം) രൂപയിൽ കൂടുതലാണ്. കൊച്ചി കോർപ്പറേഷന്റെ ശുചീകരണ തൊഴിലാളികളായ/തൊഴിലാളികളായിരുന്ന ഇവർക്ക് ജോലിയിൽ/പെൻഷനിൽ നിന്നുള്ള വരുമാനമല്ലാതെ മറ്റു വരുമാനങ്ങൾ ഇല്ലാത്തവരും, വളരെ കുറഞ്ഞ വിസ്തീർണ്ണത്തിൽ ഭൂമി കൈവശം വരുന്നവരുമാണ്. അപേക്ഷകരുടെ കൈവശ വിസ്തീർണ്ണം അനുവദനീയ പരിധിയായ 5 സെന്റിൽ താഴെയാണ്. സർവ്വേ നം.75-ൽ ഉൾപ്പെട്ട ഭൂമി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തുവന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്നതും അത്തരം ആളുകൾ ടി പ്രദേശത്ത് വീടുവെച്ച് താമസിച്ചുവന്നിരുന്നതും ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) തോട്ടിപ്പണി ചെയ്തുവന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്നതും അത്തരം ആളുകൾ ടി പ്രദേശത്ത് വീടുവെച്ച് താമസിച്ചുവന്നിരുന്നതും ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്നും കണക്കിലെടുത്ത്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെ കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിൽ ധനവകുപ്പിന് വിയോജിപ്പില്ല എന്ന് അറിയിക്കുന്നു.*

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പമന്ത്രിയുടെ അംഗീകാരമുണ്ട്.

4. വളരെ കുറഞ്ഞ വിസ്തൃതിയിൽ ഭൂമി കൈവശം വെച്ച്, ആയതിൽ വീട് വച്ച് ശുചീകരണ തൊഴിൽ ചെയ്ത് വരുന്ന ടി ആളുകൾക്ക് വരുമാനം പരിഗണിക്കാതെ സൗജന്യ പതിവ് അനുവദിക്കുന്നതിന് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെ കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (**1945** കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തുവന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്ന ഭൂമിയിൽ ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്ന് കണക്കിലെടുത്ത്, എറണാകുളം ജില്ല , കൊച്ചി താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ **75/6, 75/7** എന്നിവയിൽ ഉൾപ്പെട്ട **27.43** ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (**24** മുറി നഗർ) നിവാസികളായ **44** കൈവശക്കാർക്ക് വരുമാന പരിധി ഇളവ് ചെയ്ത **1995**-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം **21 (ii)** പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകാമോ ?